

THURSDAY 15-12-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Sreekala S** **Editor : Dr. Saritha Vijayan K**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/12/2022.

1. തിരുവനന്തപുരത്തുള്ള കേന്ദ്ര കിഴങ്ങ് വിള ഗവേഷണ സ്ഥാപനവും ഇന്ത്യ സൊസൈറ്റി ഫോർ റൂട്ട ക്രോപ്സും സംയുക്തമായി ഇന്നു മുതൽ 17 വരെ (ഡിസംബർ 15 മുതൽ 17 വരെ) **സ്മാർട്ട് കൃഷി ദേശീയ ശില്പശാല** നടത്തുന്നു. കാർഷിക മേഖലയിൽ നിർമ്മിത ബുദ്ധി അധിഷ്ഠിത സ്മാർട്ട് കൃഷിയുടെ ഇന്ന് നിലവിലുള്ള സാങ്കേതികവിദ്യകളെയും ഭാവിയിലുണ്ടാകുന്ന സാധ്യതകളെയും കുറിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ധരെ ഉൾപ്പെടുത്തി ദേശീയതല ചർച്ചയും ഭാവി പദ്ധതികളും രൂപപ്പെടുത്തുക എന്നതാണ് ശില്പശാലയുടെ മുഖ്യ ലക്ഷ്യം

2. കോഴിക്കോട്, വേങ്ങേരി നഗര കാർഷിക വിപണന കേന്ദ്രത്തിൽ ഡിസംബർ 22 മുതൽ 31 വരെ വേങ്ങേരി അഗ്രിഫെസ്റ്റ് എന്ന പേരിൽ വ്യാപാര ഉത്സവം സംഘടിപ്പിക്കുന്നു. കാർഷിക, കാർഷികേതര വിപണനവും, പ്രദർശനവും, നാട്ടുചന്തകൾ, കാർഷിക സെമിനാറുകൾ, പുഷ്പഫല പ്രദർശനം, കന്നുകാലി പ്രദർശനം തുടങ്ങിയവ വിപണന കേന്ദ്രത്തിൽ ഉണ്ടായിരിക്കുന്നതാണ്.

3. കൃഷിവകുപ്പും കേരള കാർഷിക സർവകലാശാലയും സംയുക്തമായി വയനാട്, അമ്പലവയൽ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ജനുവരി 1 മുതൽ 15 വരെ **പൂപ്പൊലി 2023** സംഘടിപ്പിക്കുന്നു. ആയിരത്തിൽപ്പരം ഇനങ്ങളോടു കൂടിയ റോസ് ഗാർഡൻ, ഡാലിയ ഗാർഡൻ, വിശാലമായ ഗ്ലാഡിയോലസ് തോട്ടം, തായ്‌ലാൻഡിൽ നിന്നും ഇറക്കുമതി ചെയ്ത ഓർക്കിഡുകൾ, നെതർലാൻഡിൽ നിന്നുള്ള ലിലിയം ഇനങ്ങൾ തുടങ്ങിയവയുടെ വർണ്ണ വിസ്മയമാണ് ഈ പുഷ്പോത്സവത്തിൽ ഒരുക്കിയിരിക്കുന്നത്. കർഷകർക്കും കാർഷിക മേഖലയിലെ ഉദ്യോഗസ്ഥർക്കും വിജ്ഞാനം പകരുന്ന സെമനാറുകളും മേളയിൽ സംഘടിപ്പിക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **04936 260421, 260561, 9496860421** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി മൂന്നാംഘട്ടത്തിന്റെ ഭാഗമായി കുളമ്പുരോഗ നിയന്ത്രണ പ്രതിരോധ കുത്തിവെയ്പ്പ സംസ്ഥാനത്ത് 2022 നവംബർ 15 മുതൽ ഡിസംബർ 8 വരെയുള്ള കാലയളവിൽ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വാക്സിനേഷൻ കാലയളവ് ഒൻപത് പ്രവർത്തി ദിവസങ്ങൾ കൂടി ദീർഘിപ്പിച്ച് **ഡിസംബർ 20** വരെ നടത്തുന്നതാണ്. എൽ എസ് ഡി വ്യാപനമുള്ള തൃശ്ശൂർ,

മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ഇനി വാക്സിനേറ്റ് ചെയ്യാനുള്ള ഉരുക്കൾക്കു എഫ്.എം.ഡി വാക്സിനോടൊപ്പം എൽ എസ് ഡി വാക്സിനേഷൻ കൂടി നൽകേണ്ടതാണ്. കൂടാതെ എല്ലാ ജില്ലകളിലും എൽ എസ് ഡി ഔട്ട് ബ്രേക്ക് ഉള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പതിവുപോലെ റിംഗ് വാക്സിനേഷൻ നടത്തുന്നതാണെന്നും കുടപ്പനക്കുന്ന് അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് കോർഡിനേറ്റർ അറിയിച്ചു

5. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയുടെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഹെഡ് ഓഫീസിൽ അക്കൗണ്ട്സ് ഓഫീസറുടെ തസ്തികയിലേയ്ക്ക് അഭിമുഖത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ, വിശദമായ ബയോഡേറ്റ എന്നിവ സഹിതം നാളെ (16-12-2022-ന്) രാവിലെ 09.30 മണിയ്ക്ക് നടക്കുന്ന വാക്ക്-ഇൻ- ഇന്റർവ്യൂവിനായ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - കേരള, സണ്ണി ഡയൽ, മീഡ്സ് ലൈൻ, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ വിശദമായ ബയോഡേറ്റ ഇന്ന് (15-12-2022) വൈകിട്ട് 4.30-ന് മുമ്പായി infoshmkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ, തപാൽ മുഖേനയോ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരളയുമായി **0471 233057** എന്ന നമ്പരിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

6. കുടപ്പനക്കുന്ന് സർക്കാർ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയത്ത് 0471-2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടികൾ

7. വേങ്ങേരി അഗ്രിഫെസ്റ്റിനോടനുബന്ധിച്ച് വേങ്ങേരി കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽ വെച്ച് **കൂൺകൃഷി, ഉപഭോക്ത ബോധവത്ക്കരണം, മത്സ്യകൃഷി,അടുക്കളത്തോട്ട നിർമ്മാണം, കിഴങ്ങ് വർഗ്ഗ സംസ്ക്കരണം, തേനീച്ച കൃഷി, ചക്കയുടെ സംസ്ക്കരണം** തുടങ്ങിയ വിഷയങ്ങളിൽ **ഡിസംബർ**

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

**23 മുതൽ 30 വരെ** ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ പരിശീലന ക്ലാസ്സ് നടത്തുന്നു. താത്പര്യമുള്ള കർഷകർ **9846197067** എന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കേരള കാർഷിക സർവകലാശാല കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വച്ച് നാളെ (ഡിസംബർ 16) **'പച്ചക്കറി വിളകളിലെ തൈകളുടെ ഉത്പാദനവും സംയോജിത കീടരോഗ നിയന്ത്രണവും'** എന്ന വിഷയത്തിൽ 30 കർഷകർക്ക് പരിശീലനം നടത്തുന്നു. താൽപര്യമുള്ള കർഷകർ **04952935850, 9188223584** എന്ന ഫോൺ നമ്പറിൽ വിളിച്ചു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നതാണ് എന്ന് കേരള കാർഷിക സർവകലാശാല വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർ അന്റ് ഹെഡ് അറിയിച്ചു.

9. ആലപ്പുഴ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് ഡിസംബർ 19, 20 തീയതികളിൽ **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ളവർ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.30 മുതൽ 3 മണി വരെ **0479 2457778** എന്ന ഫോൺ നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

10. പാവലിൽ മൃദുരോമപൂപ്പൽ കണ്ടാൽ ഉണങ്ങിയതും രോഗബാധയേറ്റതുമായ ഇലകളും വള്ളികളും മുറിച്ചുമാറ്റി നശിപ്പിച്ചതിനുശേഷം മാംഗോസെബ് എന്ന കുമിൾ നാശിനി മൂന്ന് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക

11. മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുമ്പോൾ നെല്ലിൽ ഓലചുരുട്ടി പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് രണ്ട് സിസി ട്രൈക്കോകാർഡ് ചെറുകഷണങ്ങളായി മുറിച്ച് വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തിവയ്ക്കുക. അല്ലെങ്കിൽ മൂന്നു മില്ലി ക്ലോറാൻട്രാനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.